**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2018-19 - റോഡ് സംരക്ഷണ ഫണ്ട് - പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള ഫണ്ട് വിഹിതത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിന് അധിക ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം.5990/2018/ധന. തീയതി, തിരുവനന്തപുരം, 13 ജൂലൈ 2018

---

പരാമർശം: 1) പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/02/2018 ലെ കത്ത്.

**ഉത്തരവ്**

5ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ സർക്കാർ അംഗീകരിച്ച വേളയിൽ പ്രാദേശിക സർക്കാരുകളുടെ ആസ്തി സംബന്ധിച്ച വിവരം വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ 2011-12 ൽ സംരക്ഷണഫണ്ട് വിതരണം ചെയ്ത അതേ അനുപാതത്തിലും മാനദണ്ഡപ്രകാരവുമാണ് 2018-19 സാമ്പത്തിക വർഷവും ടി ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന് 2018-19 ൽ അനുവദിച്ച റോഡ് സംരക്ഷണ ഫണ്ട് വിഹിതം കുറവാണെന്നും ആയതിനാൽ ഫണ്ട് തുക വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന് റോഡ് സംരക്ഷണ ഫണ്ടിനത്തിൽ 2018-19 ബജറ്റിൽ വകയിരുത്തിയിട്ടുള്ള 17,69,000/- രൂപയോടൊപ്പം 78,00,000/- (എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) കൂടി അധിക ധനാനുമതിയായി താഴെ വിശദീകരിച്ചിട്ടുള്ള തരത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

| 2018-19 ബജറ്റ് വിഹിതം - അനുബന്ധം IV ലെ ക്രമനം | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | റോഡ് സംരക്ഷണ ഫണ്ട്- ബജറ്റ് വിഹിതം (രൂപ) | അധികം അനുവദിക്കുന്ന തുക (രൂപ) | ആകെ (രൂപ) | ശീർഷകം |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് 302 | G 050605 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് | 17,69,000 | 78,00,000 | 95,69,000 | 3054-80-198-38 |

പ്രസ്തുത തുക പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിനുള്ള റോഡ് സംരക്ഷണ ഫണ്ടിന്റെ രണ്ടും മൂന്നും ഗഡുക്കൾക്കൊപ്പം അനുവദിച്ചു നൽകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-775493)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ